**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)**
**വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ**
**സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന**
**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ**
**മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

**No. MOSC/CMM/184/2023**

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ മെൽബൺ സെന്റ് ഗ്രീഗോറിയോസ് ഇന്ത്യൻ ഓർത്തഡോക്സ് പള്ളി വികാരിയും, ദേശത്തുപട്ടക്കാരും, പള്ളികൈസ്ഥാനിയും, ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,

പരിശുദ്ധനായ പരുമല തിരുമേനിയുടെ ധന്യനാമത്തിൽ സ്ഥാപിതമായിരിക്കുന്ന മെൽബൺ സെന്റ് ഗ്രീഗോറിയോസ് ഇന്ത്യൻ ഓർത്തഡോക്സ് ഇടവകയുടെ വളർച്ച പ. സഭയ്ക്കാകമാനം അഭിമാനിക്കാവുന്ന ഒന്നാണ്. അപ്പോസ്തലിക വിശ്വാസത്തിന്റെ കാവൽഭടന്മാരായി, പരിശുദ്ധ സഭയെ ജീവനുതുല്യം സ്നേഹിക്കുകയും, അതിന്റെ ഔന്നത്യത്തിനുവേണ്ടി ആത്മാർത്ഥമായി പരിശ്രമിക്കുകയും ചെയ്യുന്ന നമ്മുടെ സഭാമക്കളാണല്ലോ സഭയുടെ നിലനിൽപ്പിന്റെ ആധാരം.

മെൽബൺ സെന്റ് ഗ്രീഗോറിയോസ് ഇന്ത്യൻ ഓർത്തഡോക്സ് പള്ളി ദൈവസംസർഗ്ഗത്തിന്റെയും ക്രൈസ്തവസാക്ഷ്യത്തിന്റെയും പ്രതീകമായി ഇന്നയോളം പ്രശോഭിക്കുന്നു എന്നുള്ളതിൽ നാം ദൈവത്തെ മഹത്വപ്പെടുത്തുന്നു. ആ ഇടവക നാളിതുവരെ മദ്രാസ് മെത്രാസനത്തിനും, ക്രൈസ്തവ സമൂഹത്തിനാകമാനവും നൽകിയിട്ടുള്ള വിലമതിക്കാനാവാത്ത സംഭാവനകളെ ഓർത്ത് നാം നന്ദിയോടെ ദൈവത്തെ സ്തുതിക്കുന്നു. ആകയാൽ പ്രിയ മക്കളെ, നാളിതുവരെയായി ആ ഇടവക കൈവരിച്ചിരിക്കുന്ന നേട്ടങ്ങളെയും അനേകർക്ക് ആത്മീയ ചൈതന്യം ലഭ്യമാക്കി ചെയ്തിട്ടുള്ള പ്രവർത്തനങ്ങളെയും നാം ശ്ലാഘിക്കുന്നു. ഭാവിയിലും നിങ്ങളേവരും ഏകോപിച്ച് പരസ്പരസ്നേഹത്തോടും, സഹകരണത്തോടും, ദൈവാശ്രയബോധത്തോടും കൂടി മുമ്പോട്ടുപോകണമെന്ന് ഓർമ്മിപ്പിക്കുന്നു. ഇടവകയുടെ പ്രാരംഭം മുതൽ ഇന്നയോളം നേതൃത്വം നൽകിയ വൈദികരെയും, മറ്റ് വ്യക്തികളെയും കർതൃസന്നിധിയിൽ നാം സമർപ്പിക്കുന്നു.

വാത്സല്യമക്കളെ, ആ ഇടവകയുടെ സമസ്തമേഖലകളിലെയും പ്രവർത്തനങ്ങളുടെ പുരോഗതിയും സാക്ഷ്യവും കണക്കിലെടുത്ത് അർഹമായ ഒരു അംഗീകാരം ഇടവകയ്ക്ക് കൽപ്പിച്ചു നൽകുന്നതിൽ നമുക്ക് അതിയായ സന്തോഷമുണ്ട്. മദ്രാസ് മെത്രാസന ഇടവകയുടെ അഭിവന്ദ്യ ഗീവർഗീസ് മാർ പീലക്സീനോസ് മെത്രാപ്പോലീത്തായുടെ ശുപാർശകൂടി പരിഗണിച്ച് ആ ഇടവകയെ ഒരു തീർത്ഥാടന കേന്ദ്രമായി ഉയർത്തി ആദരിക്കുന്നത് ഉചിതമായിരിക്കുമെന്ന് ദൈവാത്മാവിൽ നമുക്ക് ബോധ്യ

*(മറുപുറം)*

മായി. **ആയതിനാൽ മലങ്കര ഓർത്തഡോക്സ് സഭയുടെ മദ്രാസ് മെത്രാസനത്തിലെ പ്രമുഖ ദേവാലയങ്ങളിലൊന്നായ മെൽബൺ സെന്റ് ഗ്രീഗോറിയോസ് ഇന്ത്യൻ ഓർത്തഡോക്സ് പള്ളി ഇടവകയെ മലങ്കര ഓർത്തഡോക്സ് സഭയിൽ പരിശുദ്ധ പരുമല മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ നാമത്തിലുള്ള ഒരു തീർത്ഥാടന കേന്ദ്രമായി ഈ കൽപനയിലൂടെ നാം പ്രഖ്യാപിക്കുന്നു.**

പ. സഭയോടും, ബലഹീനനായ നമ്മോടും, ഭദ്രാസന മെത്രാപ്പോലീത്തായോടും, പ. സുന്നഹദോസ് അംഗങ്ങളായ നമ്മുടെ എല്ലാ സഹോദര മെത്രാപ്പോലീത്താമാരോടും, കാലാകാലങ്ങളിൽ നമ്മുടെ പിൻഗാമികളായി പ. സഭയെ മേയിച്ച് ഭരിപ്പാൻ നിയമിതരാകുന്ന പിതാക്കന്മാരോടും നിങ്ങളും നിങ്ങളുടെ സന്തതിപരമ്പരകളും കൂറുള്ളവരും, അനുസരണമുള്ളവരും ആയിരിക്കണം. പ. സഭയുടെ സത്യവിശ്വാസവും, സ്വാതന്ത്ര്യവും നിങ്ങളും നിങ്ങളുടെ തലമുറയും കണ്ണിലെ കൃഷ്ണമണിപോലെ കാത്തുസൂക്ഷിക്കണം.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ................

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

2023 ജൂലൈ മാസം 11-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽ നിന്നും.